## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 681 — 09/02/2016-ൽ മറുപടിക്ക്

# ആദിവാസികൾക്കുള്ള ഭൂമി വിതരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.കെ.ബാലൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് നിലവിൽ ഭൂരഹിതരായ എത്ര ആദിവാസികൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് ഐ. റ്റി. ടി. പി. പ്രൊജക്ട് ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് നിലവിൽ 9208 ഭൂരഹിതരായ ആദിവാസികൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഐ. റ്റി.ഡി.പി പ്രോജക്ട് ഓഫീസ് തിരിച്ചുള്ള വിവരം **അനുബന്ധം-I** ആയി ചേർക്കുന്നു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് ഏതെല്ലാം പദ്ധതികളിലൂടെ ഭൂമി വിതരണം ചെയ്തിട്ടുണ്ട്; ഓരോ വർഷവും ഓരോ പദ്ധതി പ്രകാരം അനുവദിച്ച ഭൂമി, ഗുണഭോക്താക്കളുടെ എണ്ണം, റൈറ്റിൽ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, പട്ടയം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ഐ. റ്റി. ടി. പി. പ്രോജക്ട് തിരിച്ച് വ്യക്തമാക്കുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് ഓരോ വർഷവും വിവിധ പദ്ധതികൾ പ്രകാരം ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| സി) | വിവിധ പദ്ധതികളിലായി ഭൂമി ലഭിക്കുന്നതിന് എത്ര അപേക്ഷകൾ നിലവിൽ ഉണ്ട്; ഐ. റ്റി. ടി. പി. പ്രോജക്ട് ഓഫീസ് തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ; | സി) | ഐ.റ്റി.ഡി.പി, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ ലഭ്യമായ അപേക്ഷകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| ഡി) | ഇനിയും ഭൂമി ലഭിക്കാനുള്ളവർക്ക് ഭൂമി ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | ഡി) | ഇനിയും ഭൂമി ലഭിക്കാനുള്ളവർക്ക് ഭൂമി ലഭിക്കുന്നതിന് 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' പദ്ധതി, വനാവകാശ നിയമം ടി.ആർ.ഡി.എം മുഖേന ഭൂമി എന്നിവയിലൂടെ ഭൂമി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

ദുരിത പട്ടികവർഗ്ഗ കുടുംബങ്ങൾ (31-1-2016 വരെ)

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 16 |
| 2 | കൊല്ലം | 56 |
| 3 | പത്തനംതിട്ട | 99 |
| 4 | ആലപ്പുഴ | 197 |
| 5 | കോട്ടയം | 201 |
| 6 | ഇടുക്കി | 446 |
| 7 | എറണാകുളം | 184 |
| 8 | തൃശ്ശൂർ | 52 |
| 9 | പാലക്കാട് | 1702 |
| 10 | മലപ്പുറം | 707 |
| 11 | കോഴിക്കോട് | 295 |
| 12 | വയനാട് | 3910 |
| 13 | കണ്ണൂർ | 170 |
| 14 | കാസർഗോഡ് | 1173 |
| | ആകെ | 9208 |

സെക്ഷൻ ഓഫീസർ